നഗര റോഡ് വികസന പദ്ധതി

129 (2625) ശ്രീ. വി. റ്റി ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എല്ലാ നഗരങ്ങളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഉന്നത ഗുണനിലവാരവും ഈടുള്ളതുമായ റോഡുകൾ, വാഹനയാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യവും ഉറപ്പാക്കുന്ന ഓട പാകിയ നടപ്പാതകൾ, ഉന്നത നിലവാരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, സൗന്ദര്യവൽക്കരണത്തിന്റെഭാഗമായി പുൽത്തകിടിയും പൂമേട്ടകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ടോൾ പിരിവില്ലാതെ ബി.ഒ.റ്റി. - ആന്വിറ്റി വ്യവസ്ഥയിലാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പദ്ധതിക്കാവശ്യമായ പണം സമാഹരിക്കുന്നത് പദ്ധതിയുടെ കൺസഷണയർ ആണ്. ഇതുമൂലം സർക്കാരിന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭാരിച്ചതുക ആദ്യമേ വഹിക്കേണ്ടിവരുന്നില്ല. പദ്ധതി പൂർത്തിയാക്കിയ ശേഷം വാർഷിക ആന്വിറ്റിവഴി മുടക്കിയ തുക കൺസഷണയർക്ക് തിരികെ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മിക്കവാറും പൂർത്തിയായി വരുന്നു. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ആറ് റോഡുകൾ വികസിപ്പിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കണ്ണൂർ, മലപ്പുറം, കോട്ടയം നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് ഭരണാനുമതി നൽകുന്നകാര്യം സർക്കാരിന്റെ പരിശോധനയിലാണ്. തൃശ്ശൂർ, കൊല്ലം എന്നീ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. മറ്റ് നഗരങ്ങളിലേയ്ക്കുകൂടി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കോർ റോഡ് നെറ്റ് വർക്ക്

130 (2626) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) " കോർ റോഡ് നെറ്റ്വർക്ക് " പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഇതിനായുള്ള ലോകബാങ്ക് സഹായങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഒരു കോർ റോഡ് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രധാന റോഡുകൾ തെരഞ്ഞെടുത്ത് അവയെ ഉന്നത നിലവാരത്തിലെത്തിക്കുകയെന്ന ദൗത്യം ഘട്ടം ഘട്ടമായി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളാണ് ആദ്യം ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്. സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന ഏകദേശം 2810 കി. മീ. റോഡുകളാണ് ഇപ്പോൾ സ്പീഡ് കേരള കെ.എസ്.ടി.പി. (K.S.T.P.), എസ്.ആർ.ഐ.പി. (S.R.I.P.) സി.ആർ.എഫ്. (C.R.F.) എന്നീ പദ്ധതികളിലൂടെ ആദ്യഘട്ടത്തിൽ വികസിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly